അംഗനവാടികൾക്ക് പുതിയ കെട്ടിടങ്ങൾ

1880 [2927] ശ്രീ. സി. ടി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള എത്ര അംഗനവാടികൾക്ക് പുതിയ കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട് ;

(ബി) അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുവാൻ ഗവൺമെന്റ് സാമ്പത്തികസഹായം നൽകുന്നുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏത് വ്യവസ്ഥയിലാണെന്നും, ഓരോ കെട്ടിടങ്ങൾക്കും നൽകുന്ന സംഖ്യ എത്രയാണെന്നും വ്യക്തമാക്കുമോ ;

(ഡി) ഇപ്പോൾ അംഗനവാടികൾക്ക് പുതിയതായി നിർമ്മിച്ചതും, നിർമ്മിച്ചുകൊണ്ടിരിക്കുന്നതുമായ കെട്ടിടങ്ങളുടെ എണ്ണം ബ്ലോക്കടിസ്ഥാനത്തിൽ വ്യക്തമാക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) ഉണ്ട്.

(സി) അംഗനവാടികൾ നടത്തുന്നതിനുള്ള കെട്ടിടസൗകര്യം പൊതുജന പങ്കാളിത്തത്തോടെ ലഭ്യമാക്കണമെന്നാണ് ICDS പദ്ധതിയിൽ വിവക്ഷിച്ചിരിക്കുന്നത്. എന്നാൽ കേന്ദ്രമേഖലയിലുള്ള അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് 1500 രൂപ വീതം ധനസഹായം നൽകുന്ന ഒരു പദ്ധതിയുണ്ട്. കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗക്കാർ കൂടുതലുള്ള പ്രദേശങ്ങളിൽ അംഗനവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന്, സ്ഥലം ലഭ്യമാക്കുകയാണെങ്കിൽ, പ്രത്യേക പദ്ധതിയിൽ ഉൾപ്പെടുത്തി ധനസഹായം നൽകുന്നുണ്ട്. ഒരു കെട്ടിടത്തിന് 15,000 രൂപയാണ് ഈ ഇനത്തിൽ ധനസഹായമായി നൽകുന്നത്.

(ഡി) വിവരം ശേഖരിച്ചുവരുന്നു.

ബാലവാടി അദ്ധ്യാപകരെ അംഗനവാടി അദ്ധ്യാപകരാക്കി മാറ്റുന്നതിന് നടപടി

1881 [2928] ശ്രീ. കെ. മുസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തം സ്ഥാനത്തെ ബാലവാടികളും അംഗനവാടികളും സംയോജിപ്പിച്ച അവസരത്തിൽ ബാലവാടി അദ്ധ്യാപകരെ അംഗനവാടി അദ്ധ്യാപകരാക്കി മാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിരുന്നുവോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ നോംസ് അനുസരിച്ച് ബാലവാടി അദ്ധ്യാപകരിൽ ചിലരുടെ വിദ്യാഭ്യാസയോഗ്യത ഒരു പ്രശ്നമായിരിക്കുകയാൽ അത് പരിഹരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചത് ;

(സി) സംയോജനത്തിന്റെ ഫലമായി ബാലവാടി അദ്ധ്യാപകരെ എന്തെങ്കിലും പിരിച്ചുവിട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സ്വീകരിച്ചിരുന്നു.

(ബി) സംയോജിത ശിശു വികസന പദ്ധതിയിൽ ലയിപ്പിച്ചിട്ടുള്ള ബാലവാടികളിൽ ജോലിനോക്കി വന്നിരുന്ന എല്ലാ അദ്ധ്യാപകരെയും വിദ്യാഭ്യാസ യോഗ്യത നോക്കാതെ അംഗനവാടി വർക്കർമാരായി നിയമിക്കണമെന്ന് ഉത്തരവ് നൽകിയിട്ടുണ്ട്.

(സി) ബാലവാടികൾ ഐ സി ഡി എസ്സിൽ സംയോജിപ്പിക്കുന്നതു സംബന്ധിച്ച് സർക്കാർ നൽകിയിരുന്ന നിർദ്ദേശങ്ങൾ പാലിക്കാതെ വരികയാൽ എല്ലാ ബാലവാടി അദ്ധ്യാപികമാരെയും അംഗനവാടി വർക്കർമാരായി നിയമിക്കുവാൻ സാധിച്ചിട്ടില്ല.

ശിശുക്ഷേമ സമിതിയിലെ ബാലസേവികമാർ

1882 [2929] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശിശുക്ഷേമ സമിതിയുടെ കീഴിൽ എത്ര ബാലസേവികമാർ ജോലി ചെയ്യുന്നുണ്ട് ;

(ബി) ഇവർക്ക് 1971-ൽ അലവൻസ് എത്രയായിരുന്നു ;

(സി) എന്നാണ് ഈ അലവൻസ് വർദ്ധിപ്പിച്ചത് ;

(ഡി) വർദ്ധിപ്പിച്ച അലവൻസ് എത്രയാണ് ;

(ഇ) ഇപ്പോൾ കിട്ടുന്ന അലവൻസ് എത്രയാണ് ;

(എഫ്) ഇവർക്ക് ഓണത്തിനുള്ള ഫെസ്റ്റിവൽ അലവൻസോ, ബോണസ്സോ നൽകുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്ത് ; കഴിഞ്ഞ കൊല്ലം ഓണത്തിന് ഇവർക്ക് നൽകാതിരുന്ന ആനുകൂല്യം നൽകുന്നതിന് നടപടികൾ എടുക്കുമോ ?

(ജി) ബാലസേവികമാരുടെ വിദ്യാഭ്യാസയോഗ്യതകൾ എന്തെല്ലാമാണ് ;

(എച്ച്) മറ്റു വകുപ്പുകളിൽ ഒരു പാർട്ടൈം സ്വീപ്പർക്ക് നൽകുന്ന സേവന-വേതന വ്യവസ്ഥകളെങ്കിലും ഇവർക്ക് നൽകാൻ നടപടികൾ എടുക്കുമോ ?

ഉത്തരം

(എ) 121 പേർ (ബാലവാടിയിൽ 59-ും ക്രഷിൽ 62-ും) ബാലസേവികമാർ ജോലി ചെയ്യുന്നുണ്ട്.

(ബി) 150 രൂപ.

(സി) 1-3-1982-ൽ.

(ഡി) 175 രൂപ.

(ഇ) ബാലവാടിയിലുള്ള ബാലസേവികമാർക്ക് 200 രൂപയും, ക്രഷിലുള്ള ബാലസേവികമാർക്ക് 350 രൂപയും.

(എഫ്) ഇല്ല. ഈ സമിതിക്ക് ഗ്രാന്റ് കൊടുക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഫെസ്റ്റിവൽ അലവൻസ് കൊടുക്കുവാനായി ഗ്രാന്റ് നൽകാത്തതുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly